## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 621 — **28.02.2018** - ലെ മറുപടിക്ക്

**<u>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭവനം</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. വി.പി.സജീന്ദ്രൻ** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ഏതെങ്കിലും ഭവന നിർമ്മാണ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ ധനസഹായ പദ്ധതികൾ ഏകോപിപ്പിച്ച് ലൈഫ് മിഷൻ എന്ന പേരിൽ സമ്പൂർണ്ണ പാർപ്പിട പദ്ധതി ഈ സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിന് പുറമേ വകുപ്പ് നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം സംസ്ഥാനത്തെ 50,000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ള സ്വന്തമായി ഭൂമിയുള്ള പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് നൽകി വന്ന ധനസഹായം 3 ലക്ഷത്തിൽ നിന്ന് 4 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.<br>സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷൻ മുഖേന ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും വീട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

(ബി) 25.5.16-ന് ശേഷം ഇതുവരെ ഓരോ വിഭാഗത്തിലും ഭവന നിർമ്മാണത്തിനായി എന്ത് തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) 25.05.2016-നു ശേഷം ഭവന നിർമ്മാണത്തിനായി അനുവദിച്ച തുക ഇപ്രകാരമാണ്.

| ക്രമ നം. | വർഷം | തുക | |
|---|---|---|---|
| | | **പട്ടികജാതി വികസന വകുപ്പ്** | **പട്ടികവർഗ്ഗ വികസന വകുപ്പ്** |
| 1 | 2016-17 | 234,50,09,800/- | 202,74,26,520/- |
| 2 | 2017-18 | 259,67,86,356/- | 115,08,00,000/- |
| **ആകെ** | | **494,17,96,156/-** | **317,82,26,520/-** |
| സ്പിൽ ഓവർ വീടുകളുടെ പൂർത്തീകരണത്തിനായി 2007-08 മുതൽ 2015-2016 ചെലവഴിച്ചത് | | 18,97,53,114/- | --- |

2016-വരെ spill over ആയ 24314 വീടുകളും 2017-18 വരെ അനുവദിച്ച വീടുകളും പൂർത്തീകരിക്കുന്നതിന് 2017-18 വർഷം 115 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) പട്ടികജാതി വിഭാഗങ്ങൾക്കായി എത്ര പുതിയ വീടുകൾ അനുവദിച്ചു ; അതിൽ എത്രയെണ്ണം നിർമ്മാണം പൂർത്തിയായി;

(ഡി) പട്ടികവർഗ്ഗ വിഭാഗത്തിനായി എത്ര പുതിയ വീടുകൾ അനുവദിച്ചു, അതിലെത്രയെണ്ണം പൂർത്തിയായി; വ്യക്തമാക്കാമോ?

(സി) യും (ഡി) യും

| | | **പട്ടികജാതി വികസന വകുപ്പ്** | | **പട്ടികവർഗ്ഗ വികസന വകുപ്പ്** |
|---|---|---|---|---|
| ക്രമ നം. | ഇനം | 2016-17 | 2017-18 | 2016-17 |
| 1 | അനുവദിച്ച വീടുകൾ | 14946 | 7000 | 6709 |
| 2 | പൂർത്തീകരിച്ച വീടുകൾ | 8343 | റിപ്പോർട്ട് ശേഖരിച്ച വരുന്നു | |

സെക്ഷൻ ഓഫീസർ